കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പൊതുശ്മശാന നിർമ്മാണം - കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിന് പത്ത് ലക്ഷം രൂപ അനുവദിക്കുന്നതിനും തുക കോസ്റ്റ്ഫോർഡിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.825/13/തസ്വഭവ തിരുവനന്തപുരം, തീയതി: 27.03.2013.

---

പരാമർശം: 1. 15.03.2013 തീയതിയിലെ സ.ഉ (സാധാ)നം.419/2013/തസ്വഭവ.
2. പഞ്ചായത്ത് ഡയറക്ടറുടെ 14.03.2013-ലെ ജെ.5-5605/13 നമ്പർ കത്ത്.

2012-13 വർഷം ശ്മശാന നിർമ്മാണത്തിനായി 2515-00-800-98 ബഡ്ജറ്റ് ശീർഷകത്തിൽ വകയിരുത്തിയിരുന്ന 500 ലക്ഷം രൂപ 49 ഗ്രാമപഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപ വീതവും രണ്ട് ഗ്രാമപഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ വീതവും നൽകുന്നതിന് അനുമതി നൽകി പരാമർശം ഒന്ന് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി തുകയിൽ നിന്നും പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിന് അനുവദിച്ചിട്ടുള്ള 10 ലക്ഷം രൂപ പ്രസ്തുത ഗ്രാമപഞ്ചായത്തിന് ആവശ്യമില്ലെന്നറിയി ച്ചിട്ടുള്ളതിനാൽ പൊതുശ്മശാന നിർമ്മാണത്തിന് കോസ്റ്റ് ഫോർഡുമായി എഗ്രിമെന്റ് വച്ചിട്ടുള്ള കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിന് 10 ലക്ഷം രൂപ അനുവദിയ്ക്കുന്നതിനും കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിന് ഗ്യാസ് ക്രിമറ്റോറിയം നിർമ്മിക്കുന്നതിന് കോസ്റ്റ് ഫോർഡ് തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 41,60,000/- (നാൽപ്പത്തിയൊന്ന് ലക്ഷത്തി അറുപതിനായിരം) രൂപ 2012-13 വാർഷിക പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ടെന്നും അടങ്കൽ തുകയുടെ 20% തുക കോസ്റ്റ് ഫോർഡിന് നൽകുന്നതിന് ധനസഹായം അനുവദിക്കണമെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം അപേക്ഷിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2012-13 വർഷം ശ്മശാന നിർമ്മാണത്തിനായി 2515-00-800-98 ബഡ്ജറ്റ് ശീർഷകത്തിൽ വകയിരുത്തിയിരുന്ന 500 ലക്ഷം രൂപയിൽ നിന്നും പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിന് അനുവദിച്ചിട്ടുള്ള 10 ലക്ഷം രൂപ കൈപ്പറമ്പ്

(.. . . .2)

ഗ്രാമപഞ്ചായത്തിന് അനുവദിക്കുന്നതിനും 2012-13 വാർഷിക പദ്ധതിയിൽ ശ്മശാന നിർമ്മാണത്തിന് വകയിരുത്തിയിട്ടുള്ള തുകയുടെ 20% തുക കോസ്റ്റ് ഫോർഡിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

സി. വൽസല
ഗവ. ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ & ഇ/ആഡിറ്റ്), കേരള,
തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ, (LBA&A) തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട.
സെക്രട്ടറി, കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ.
ഡയറക്ടർ, കോസ്റ്റ് ഫോർഡ്, തൃശ്ശൂർ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ